കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ മെമ്മോറാണ്ടം

1133 [1808] ശ്രീ. ടി. കെ. രാമകൃഷ്ണൻ

,, പിണറായി വിജയൻ

,, പി. ആർ. ശിവൻ

,, പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ എന്തൊക്കെയും ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ 10-3-1978-ൽ മുഖ്യമന്ത്രിക്ക് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലുന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ ആവശ്യങ്ങൾ അനുവദിക്കുന്നതിനുവേണ്ടി ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഏതെങ്കിലും ആവശ്യങ്ങൾ ഇതിനകം അനുവദിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) അദ്ധ്യാനഭേരം ശാസ്ത്രീയമായി നിജപ്പെടുത്തി സെക്രട്ടേറിയറ്റ് പുനഃസംഘടിപ്പിക്കണമെന്ന ആവശ്യം പ്രസ്തുത മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരുന്നുവോ;

(ഇ) എങ്കിൽ ഈ ആവശ്യത്തെക്കുറിച്ച് മറ്റെന്തെങ്കിലും സംഘടനകളുമായി എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത കൂടിയാലോചനകൾക്ക് മെമ്മോറാണ്ടം നൽകിയ അസോസിയേഷനെ പങ്കെടുപ്പിച്ചിരുന്നുവോ? ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) ഇതു സംബന്ധിച്ച് വല്ല പരാതികളും കിട്ടിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അദ്ധ്യാനഭേരം ശാസ്ത്രീയമായി നിജപ്പെടുത്തി സെക്രട്ടേറിയറ്റ് പുനഃസംഘടിപ്പിക്കുക, പ്രമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുക, ഗ്രേഡ് സിസ്റ്റം ഏർപ്പെടുത്തുക തുടങ്ങിയ 31 ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഓരോ ആവശ്യങ്ങളും കൈകാര്യം ചെയ്യേണ്ട വകുപ്പുകളുടെ പരിശോധനയ്ക്കായി അയച്ചു കൊടുത്തിട്ടുണ്ട്. ചില ആവശ്യങ്ങൾ അംഗീകരിച്ചു ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ചിലത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ 1977 ജൂൺ മാസത്തിൽ ഉന്നയിച്ചിരുന്ന സെക്രട്ടേറിയറ്റ് പുനഃസംഘടനാ നിർദ്ദേശങ്ങളെക്കുറിച്ച് ടി അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്തിയിട്ടുണ്ട്.

(എഫ്) കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങളെക്കുറിച്ച് ചർച്ച നടത്തിയിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ നൽകിയ മെമ്മോറാണ്ടം പരിശോധനയിൽ ഇരിക്കുകയാണ്.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ സ്പെഷ്യൽ അലവൻസുകൾ

1134 [1809] ശ്രീ. കെ. ജെ. ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ള പ്രൈവറ്റ് സെക്രട്ടറി, അഡീ: പ്രൈവറ്റ് സെക്രട്ടറി, പി. എ., അഡീഷണൽ പി. എ., ക്ലാർക്കുമാർ എന്നിവർക്ക് സ്പെഷ്യൽ പേയും അതിന്റെ ഡി.എ. യുംകൂടി പേ കമ്മിഷൻ റിപ്പോർട്ട് നടപ്പാകുന്നതിനുമുമ്പ് എത്രരൂപ വീതം ലഭിച്ചിരുന്നു ;

(ബി) മേൽപറഞ്ഞ തസ്തികയിലുള്ളവർക്ക് പേകമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കിയശേഷം സ്പെഷ്യൽ പേയും അതിന്റെ ഡി. എ. യുംകൂടി എത്രരൂപാവീതം ലഭിക്കുന്നുണ്ട്;

(സി) സ്പെഷ്യൽ പേയും അതിന്റെ ഡി. എ. യുംകൂടി മുൻപു ലഭിച്ചുകൊണ്ടിരുന്നതിലും കുറവായ തുക മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളു എന്നറിയുന്നത് ശരിയാണോ ;

(ഡി) പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്യുന്ന ഗവൺമെന്റുദ്യോഗസ്ഥൻമാർക്ക് ഇന്നുള്ള സ്പെഷ്യൽ പേ സമ്പ്രദായം മാറ്റി വിവിധ നിരക്കുകളിൽ പേകമ്മിഷൻ റിപ്പോർട്ടിലുള്ള ഡെപ്യൂട്ടേഷൻ സ്പെഷ്യൽ പേ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ള പ്രൈവറ്റ് സെക്രട്ടറി, അഡീ: പ്രൈവറ്റ് സെക്രട്ടറി എന്നിവർക്ക് ശമ്പള പരിഷ്കരണത്തിനു മുൻപ് 125 രൂ. വീതവും പി. എ. അഡീഷണൽ പി. എ. എന്നിവർക്ക് 75 രൂ. വീതവും ക്ലാർക്കുമാർക്ക് 65 രൂ. വീതവും ലഭിച്ചിരുന്നു. ശമ്പളവും സ്പെഷ്യൽ പേയും ചേർത്ത് 1-7-78 നു മുമ്പ് അനുവദിച്ചിരുന്ന ക്ഷാമബത്തയുടെ നിരക്ക് താഴെ കൊടുക്കുന്നു:

(1) 300 രൂ. വരെ ശമ്പളത്തിന്റെ 57 ശതമാനം. കുറഞ്ഞത് 113 രൂ. പരമാവധി 168 രൂ.

(2) 300 രൂ. മുതൽ 900 രൂ. വരെ ശമ്പളത്തിന്റെ 42 ശതമാനം കുറഞ്ഞത് 168 രൂ. പരമാവധി 362 രൂ.

(3) 900 രൂ. മുതൽ 2,250 രൂ. വരെ 3363 രൂ. എന്നാൽ ശമ്പളവും ക്ഷാമബത്തയുംകൂടി 2,400 രൂ. യിൽ കവിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly